## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 196 — 5.3.2012 ൽ മറുപടിയ്ക്ക്

### ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമായി വ്യക്തമാക്കുമോ ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നു.<br>1) ചികിത്സാ സഹായം, അപകടമരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത്.<br>2) അപേക്ഷന്റെ കുടുംബ വാർഷിക വരുമാനം 20,000 രൂപയിൽ താഴെയായിരിക്കണം.<br>3) ഒരു വ്യക്തിക്ക് സാധാരണ നിലയിൽ ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളൂ.<br>4) ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധന സഹായം ലഭിച്ച് രണ്ട് വർഷത്തിനു ശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. |
| (ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് നാളിതുവരെ എത്ര തുകയാണ് ദുരിതാശ്വാസമായി നൽകിയത് ; | (ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 53,99,18,010/- രൂപ(അൻപത്തി മൂന്ന് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി പതിനെണ്ണായിരത്തി പത്ത് രൂപ) ദുരിതാശ്വാസ വിതരണത്തിനായി നൽകിയിട്ടുണ്ട്. |

(സി) നേമം നിയോജകമണ്ഡലത്തിൽപ്പെട്ട എത്ര പേർക്ക് എത്ര തുക വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകിയിട്ടുണ്ടെന്നും, അവർ ആരൊക്കെയാണെന്നും, അവർ ഓരോരുത്തർക്കും ലഭിച്ച തുക എത്ര വീതമെന്നും വ്യക്തമാക്കുമോ ?

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചുള്ള നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

സെക്ഷൻ ഓഫീസർ.